# കേരള സർവകലാശാല

നം. പി.ആർ.031/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## വാർത്ത അടിസ്ഥാന രഹിതം

കേരള സർവകലാശാലയിലെ ആയിരക്കണക്കിന് പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ ഭാവി അപകടത്തിൽ എന്ന് ചില മാധ്യമങ്ങളിൽ വന്ന വാർത്ത അടിസ്ഥാന രഹിതമാണ്.

സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ യു.ജി.സി നൽകിയ അന്ത്യശാസനത്തെ മുൻനിർത്തി സർവകലാശാലയിൽ ഗവേഷണത്തിനായി നിർദ്ദിഷ്ട ചട്ടങ്ങൾ നടപ്പിലാക്കി. ഇത് സംബന്ധിച്ച് ഭേദഗതികൾ നിർദ്ദേശിക്കാൻ സർവകലാശാല സിൻഡിക്കേറ്റിന് അധികാരമില്ല. എന്നാൽ യു.ജി.സി ചട്ടങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യാൻ അക്കാദമിക് കൗൺസിലിന്റെ വിശേഷാൽ യോഗം മാർച്ച് 11-ന് വിളിച്ചിരുന്നു. ഇതു സംബന്ധിച്ച ചർച്ചയിൽ രാഷ്ട്രീയം കടന്നുവരാം എന്നുള്ളതും ചർച്ച വഴിതെറ്റിയാൽ കോടതി അലക്ഷ്യം ഉൾപ്പെടെ നിയമനടപടികൾ ഉണ്ടാകും എന്നുള്ളതും മുൻകൂട്ടി മനസ്സിലാക്കി തെരഞ്ഞെടുപ്പ് കമ്മിഷന്റെ അനുവാദം സർവകലാശാല തേടിയിരുന്നു.

വിശേഷാൽ യോഗത്തിൽ ചർച്ചചെയ്യേണ്ടിയിരുന്ന മറ്റൊരിനം ബി.ബി.എ, ബി.എസ്സി (മാത്തമാറ്റിക്സ്), ലാബ് സൗകര്യം ആവശ്യമില്ലാത്ത പി.ജി. കോഴ്സുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കുന്ന വിഷയമാണ്. പാഠ്യപദ്ധതിയും പാഠ്യക്രമവും ചർച്ച ചെയ്യേണ്ടതുണ്ട്. പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കുന്നതിന് വേണ്ടി ഇത് ചർച്ച ചെയ്ത് അംഗീകരിക്കേണ്ടത് അക്കാദമിക് കൗൺസിൽ യോഗത്തിലാണ്. തെരഞ്ഞെടുപ്പ് ചട്ടം നിലനിൽക്കുമ്പോൾ പുതിയ കോഴ്സ് അനുവദിക്കാനാകുമോ എന്നത് വിവാദ വിഷയമാണ്. അതുകൊണ്ട് ഇക്കാര്യത്തിലും കമ്മീഷന്റെ അംഗീകാരം ആവശ്യമാണ്.

ഈ രണ്ട് ഇനങ്ങളും തെരഞ്ഞെടുപ്പ് ചട്ടം നീക്കിയതിനുശേഷം മാത്രം അക്കാദമിക് കൗൺസിൽ ചർച്ച ചെയ്താൽ മതിയാകും എന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു. ഈ ഉത്തരവ് പ്രകാരമാണ് മാർച്ച് 11-ന് നിശ്ചയിച്ച അക്കാദമിക് കൗൺസിൽ യോഗം മാറ്റിവെച്ചത്.

മാറ്റിവെച്ച അക്കാദമിക് കൗൺസിൽ യോഗവും പുതിയ കോഴ്സുകൾ ഒഴിച്ചുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകളും തമ്മിൽ ഒരു ബന്ധവുമില്ല. വിദൂരപഠന കേന്ദ്രത്തിൽ യു.ജി.സി നിർദ്ദേശം അനുസരിച്ച് കോഴ്സുകൾ ഒരു വർഷം നിറുത്തിയ തീരുമാനം എടുക്കുമ്പോൾ തന്നെ പ്രൈവറ്റ് രജിസ്ട്രേഷനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ധാരാളം വിദ്യാർത്ഥികൾ ഇതിനകം രജിസ്റ്റർ ചെയ്തു. ഇവർക്ക് യാതൊരുവിധത്തിലും ഉള്ള നിയമ തടസ്സങ്ങളും പഠനം തുടരുന്നതിനും പരീക്ഷയെഴുതുന്നതിനും ഉണ്ടാകില്ല. ബി.ബി.എ പഠനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുമില്ല. ഒരു വിദ്യാർത്ഥിപോലും രജിസ്ട്രേഷൻ നടത്തിയിട്ടുമില്ല. ഇതര കോഴ്സുകളിലെ പ്രൈവറ്റ് രജിസ്ട്രേഷനുള്ള അവസാന തീയതി നിശ്ചയിച്ചുകൊണ്ടുള്ള സർവകലാശാല വിജ്ഞാപനം ഉടൻ വരും.

## എം.എഡ് (നോൺ സി.എസ്.എസ്) ടൈംടേബിൾ

കേരള സർവകലാശാല 2016 മാർച്ച് 16-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.എഡ് (നോൺ സി.എസ്.എസ്) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല മാർച്ച് 14-ന് തുടങ്ങുന്ന ബി.കോം പാർട്ട് രണ്ട് (ആന്വൽ സ്കീം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് തിരുവനന്തപുരം ജില്ലയിലെ വിവിധ കോളേജുകൾ പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ ഗവ. ആർട്സ് കോളേജിൽ പരീക്ഷയെഴുതണം. പാളയം സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പരീക്ഷാകേന്ദ്രമല്ല.

## എം.ബി.എൽ ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിൽ നാലിന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു.

## ബി.പി.ടി ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിയോ തെറാപ്പി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 30 വരെ അപേക്ഷിക്കാം.

## മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂൺ/ജൂലൈയിൽ നടത്തിയ രണ്ടാം വർഷ എം.കോം പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും മാർച്ച് 14, 15, 16 തീയതികളിൽ ഹാൾടിക്കറ്റും ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം വന്ന് കൈപ്പറ്റണം.

## എം.ബി.എ പരീക്ഷ മാറ്റി

കേരള സർവകലാശാല മാർച്ച് 15, 16, 17, 23 തീയതികളിൽ തുടങ്ങാനിരുന്ന എം.ബി.എ (ഫുൾടൈം, റഗുലർ (ഈവനിംഗ്), യു.ഐ.എം, 2008 & 2009 സ്കീം) പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
11.03.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ